**പ്രമേയം**

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നിയമമാക്കാതെ അവശേഷിക്കുന്ന എല്ലാ ഓർഡിനൻസുകൾക്കും പകരമായി അടിയന്തര നിയമനിർമ്മാണത്തിനായി ഒരു പ്രത്യേക സമ്മേളനം ചേരണമെന്ന കഴിഞ്ഞ സമ്മേളനകാലത്തെ അങ്ങയുടെ നിർദ്ദേശം ഉൾക്കൊണ്ടുകൊണ്ട് സർക്കാർ ആ ദൗത്യം ഏറ്റെടുത്തത് ഏറെ ആശങ്കകളോടെയാണ്. കോവിഡ് മഹാമാരിയും പ്രകൃതിദുരന്തവും വിട്ടുമാറാതെ നമ്മെ പിന്തുടർന്ന പ്രതികൂല കാലഘട്ടത്തിൽ ചുരുങ്ങിയ ദിനംകൊണ്ട് ഇത്രയധികം ബില്ലുകൾ പരിഗണിക്കുവാൻ കഴിയുമോ എന്ന ആശങ്ക നമുക്കൊക്കെയുണ്ടായിരുന്നു. അത്തരം ആശങ്കകൾക്കിടയിലും ഏറ്റെടുത്ത ഉത്തരവാദിത്വം ഒരു വെല്ലുവിളിയായി സ്വീകരിച്ചുകൊണ്ട് സഭയൊന്നാകെ പരിശ്രമിച്ച് ഈ നേട്ടം കൈവരിച്ചിരിക്കുകയാണ്.

ആറുപതിറ്റാണ്ട് പിന്നിട്ട കേരള നിയമസഭയുടെ കഴിഞ്ഞകാല നേട്ടങ്ങളുടെ പട്ടികയിൽ തിളക്കമാർന്ന മറ്റൊരേടുകൂടി എഴുതിച്ചേർക്കുന്ന ഈ മൂന്നാം സമ്മേളനത്തിന്റെ വിജയകരമായ പൂർത്തീകരണത്തിന്

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സ്വീകരിച്ച സമീപനം അങ്ങേയറ്റം അനുകരണീയമാണ്. സഭമുമ്പാകെ വന്ന 35 ബില്ലുകളിൽ ഒന്നൊഴിയാതെ എല്ലാത്തിന്മേലും സജീവ ചർച്ചകൾ നടക്കണമെന്നകാര്യത്തിൽ സഭയൊന്നാകെ മാതൃകാപരമായ സമീപനമാണ് സ്വീകരിച്ചത്.

നിയമനിർമ്മാണത്തിനുമാത്രമായി ചേർന്ന ഈ സമ്മേളന പരിപാടികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് അകമഴിഞ്ഞ് സഹകരിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, പ്രതിപക്ഷ ഉപനേതാവ്, മറ്റ് പ്രതിപക്ഷാംഗങ്ങൾ, മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ്, ഡെപ്യൂട്ടി സ്പീക്കർ, മറ്റംഗങ്ങൾ എന്നിവരോട് സഭാനേതാവെന്ന നിലയിൽ ഈ അവസരത്തിൽ നന്ദി അറിയിക്കുന്നു. ഒരു സമ്പൂർണ്ണ നിയമനിർമ്മാണ സെഷൻ ആയതുകൊണ്ടുതന്നെ അതുമായി ബന്ധപ്പെട്ട അതികഠിനമായ ഉത്തരവാദിത്തമാണ് നിയമവകുപ്പിനും നിയമസഭാ സെക്രട്ടേറിയറ്റിനും ഏറ്റെടുക്കേണ്ടിവന്നത്. ഗവൺമെന്റിനുവേണ്ടി പ്രസ്തുത വിഭാഗങ്ങളിലെ ജീവനക്കാർക്ക് പ്രത്യേകമായ നന്ദി അറിയിക്കുകയാണ്.

ഒട്ടേറെ ചരിത്രങ്ങൾ തിരുത്തിക്കുറിച്ച ഈ സമ്മേളനത്തിന്റെ വിജയത്തിനായി സഹകരിച്ച് പ്രവർത്തിച്ച എല്ലാ വകുപ്പുകളിലെയും

ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ, വിവിധ സേനാ ഉദ്യോഗസ്ഥർ എന്നിവരോടും സർക്കാരിനുള്ള നന്ദി അറിയിക്കുകയാണ്. അതിനെല്ലാമുപരി കേരള നിയമസഭയിൽ പുതുതായി കടന്നുവരികയും സഭാദ്ധ്യക്ഷനായി ചുമതലയേൽക്കുകയും ചെയ്ത അങ്ങ്, അങ്ങയുടെ പാർലമെന്ററി പരിചയത്തിന്റെ വെളിച്ചത്തിൽ സഭയുടെ ഉന്നതമൂല്യങ്ങൾ കാത്തുസൂക്ഷിച്ചുകൊണ്ട് സമയബന്ധിതമായി നടപടികൾ പൂർത്തീകരിക്കുവാൻ ഏറെ സഹായകരമായ നിലപാടാണ് സ്വീകരിച്ചത്. സഭാ നടത്തിപ്പിൽ അങ്ങ് പരിപാലിച്ച ഉന്നതമൂല്യങ്ങൾ സഭയുടെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തുപകരട്ടെയെന്ന് ആശംസിക്കുന്നതോടൊപ്പം ഈ സമ്മേളന നടപടികൾ വിജയിപ്പിക്കുന്നതിൽ നിർണ്ണായകപങ്ക് വഹിച്ച അങ്ങേയ്ക്കും അങ്ങയുടെ ഓഫീസിനുമുള്ള നന്ദി കൂടി ഇവിടെ രേഖപ്പെടുത്തുന്നു.

ഒരിക്കൽക്കൂടി എല്ലാവർക്കും നന്ദി അറിയിക്കുന്നതോടൊപ്പം ഊഷ്മളമായ ഒരു ക്രിസ്തുമസ്സും നവവത്സരവും നേരുകയും ചെയ്യുന്നു. സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം

അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.